പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5523 — 28.07.2015 ൽ മറുപടിയ്ക്ക്

## ഇൻഫർമേഷൻ കേരള മിഷന് അംഗത്വ ഫീസും വരിസംഖ്യയും നൽകുന്നതു സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എം. വി. ശ്രേയാംസ് കുമാർ** | **ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് അംഗത്വ ഫീസും വരിസംഖ്യയും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | എ) ഉണ്ട്; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ട പ്രതിവർഷ മെമ്പർഷിപ്പ് ഫീസ് ഗ്രാമപഞ്ചായത്ത് - 3 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത് - 5 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് - 15 ലക്ഷം രൂപ, മുനിസിപ്പാലിറ്റി - 10 ലക്ഷം രൂപ, കോർപ്പറേഷൻ - 20 ലക്ഷം രൂപ എന്ന നിരക്കിൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലും, വാർഷിക വരിസംഖ്യ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഓരോ ജനത്തിനും 1 രൂപ (ഒരു രൂപ) എന്ന ക്രമത്തിൽ 2017-18 സാമ്പത്തിക വർഷം മുതലും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത നിർദ്ദേശം സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ഗ്രാമപഞ്ചായത്ത് 3 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത് - 5 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് 15 ലക്ഷം രൂപ, മുനിസിപ്പാലിറ്റി - 10 ലക്ഷം രൂപ, കോർപ്പറേഷൻ - 20 ലക്ഷം രൂപ എന്ന നിരക്കിൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലും, വാർഷിക വരിസംഖ്യ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഓരോ ജനത്തിനും 1 രൂപ (ഒരു രൂപ) എന്ന ക്രമത്തിൽ 2017-18 സാമ്പത്തിക വർഷം മുതലും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

പി. കൃഷ്ണശർമ്മ
അഡീഷണൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇൻഫർമേഷൻ കേരള മിഷൻ –തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള മെമ്പർഷിപ്പ് ഫീസ്- അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.1952/2015/തസ്വഭവ. തിരുവനന്തപുരം, തീയതി, 27.06.2015.

---

പരാമർശം :- 1. 22.12.2012 – ലെ.സ.ഉ.(കൈ) നം. 343/2012/തസ്വഭവ നമ്പർ ഉത്തരവ്.
2. 20.01.2014 – ലെ സ.ഉ.(കൈ) നം. 15/2014/തസ്വഭവ നമ്പർ ഉത്തരവ്.
3. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.03.2014 തീയതിയിലെ IKM/Imple (Corp)/2134/2014 നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഫർമേഷൻ കേരള മിഷനെ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ഒരു സ്വയം ഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്യുന്നതിന് സൂചന (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം ഇൻഫർമേഷൻ കേരള മിഷനെ 1955 ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിരുന്നു. പരാമർശം 2 പ്രകാരം അംഗീകരിച്ച, ഇൻഫർമേഷൻ കേരള മിഷന്റെ ബൈലോ, റൂൾസ് & റെഗുലേഷൻസിലെ ഖണ്ഡിക 20 (a) പ്രകാരം 2013-14 സാമ്പത്തിക വർഷം മുതൽ തുടർച്ചയായി 3 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ 3 ലക്ഷം രൂപ വീതവും, ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം വീതവും, ജില്ലാ പഞ്ചായത്തുകൾ 15 ലക്ഷം വീതവും മുനിസിപ്പാലിറ്റികൾ 10 ലക്ഷം വീതവും കോർപ്പറേഷനുകൾ 20 ലക്ഷം വീതവും മെമ്പർഷിപ്പ് ഫീസായി ഇൻഫർമേഷൻ കേരള മിഷന് നൽകുവാൻ വ്യവസ്ഥ ചെയ്തിരുന്നു. 2013-14 സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ ആദ്യ ഗഡു തുക ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയോ അല്ലെങ്കിൽ പ്ലാൻഫണ്ടിൽ നിന്നും കുറവ് ചെയ്ത് നൽകുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സൂചന 3 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2 പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ [illegible]